"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തിക കാര്യ (ഡെവലപ്മെൻറ് & ഇന്നൊവേഷൻ) വകുപ്പ്- കേരള ഡെവലപ്മെൻറ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) -നോളെജ് ഇക്കോണമി ഫണ്ട് വിജ്ഞാന കേരളം പദ്ധതി- ഡോ. ടി .എം തോമസ് ഐസക്-നെ വിജ്ഞാന കേരളം പദ്ധതിയുടെ അഡ്വൈസർ ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തിക കാര്യ(ഡെവലപ്മെൻറ് & ഇന്നൊവേഷൻ) വകുപ്പ്

സ.ഉ.(സാധാ) നം.118/2024/PLG&EA (DVPMT & INNOVATION) തീയതി,തിരുവനന്തപുരം, 12-12-2024

പരാമർശം:-

1. സ.ഉ (സാധാ)നം.11/2021/PLG &EA (DVPMT & INNOVATION) തീയതി 26/11/2021
2. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 07/09/2024-ന് ചേർന്ന ഓൺലൈൻ യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 19/09/2024-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

ഉത്തരവ്

കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള നോളെജ് ഇക്കോണമി മിഷൻ (കെ.കെ.ഇ.എം) പ്രവർത്തനങ്ങൾ 2021 മുതൽ കേരള ഡെവലപ്മെൻറ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) മുഖാന്തിരം നടപ്പിലാക്കി വരുന്നു. കെ.കെ.ഇ.എം-ന്റെ പദ്ധതി നിർവഹണ പരിപാടി രേഖയ്ക്ക് പരാമർശം-1 പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

2) 2024 ജനുവരി മാസത്തിൽ ഡോ. ടി.എം തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ വച്ച് നടത്തിയ മൈഗ്രേഷൻ കോൺക്ലേവിനു കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർക്ക് വിജ്ഞാന തൊഴിലുകൾ ലഭ്യമാക്കുന്നതിനായി 2021 -22 മുതൽ കെഡിസ്കിനു കീഴിൽ നടപ്പിലാക്കി വരുന്ന കേരള

നോളെജ് ഇക്കോണമി മിഷൻ(കെ.കെ.ഇ.എം) പദ്ധതിയെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതു ജനങ്ങളുടെയും സഹകരണത്തോടെ കൂടുതൽ ജനകീയവും ഫലപ്രദവുമാക്കുന്നതിനുള്ള ഒരു മാതൃക ആരംഭിക്കുകയുണ്ടായി.

3) ഇപ്രകാരം കേരള നോളെജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും ഫലപ്രദവുമാക്കാനുള്ള കർമ്മപരിപാടി ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ച് പരാമർശം-2 പ്രകാരം അവലോകനയോഗം നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ കെ-ഡിസ്ക് പത്തനംതിട്ടയിൽ ഏറ്റെടുത്ത പദ്ധതി ഫലപ്രദമെന്ന് വിലയിരുത്തുകയും കേരള നോളെജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി 'വിജ്ഞാന കേരളം' എന്ന പേരിൽ വിപുലീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങളെടുക്കുകയും ചെയ്തു. തുടർന്ന് പരാമർശം-3 പ്രകാരം നടന്ന യോഗ നടപടിക്കുറിപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടു കൂടി പുതുക്കിയ നോളെജ് മിഷൻ പരിപാടി 'വിജ്ഞാന കേരളം' എന്ന പേരിൽ കേരളത്തിലുടനീളം നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

4) 'വിജ്ഞാന കേരളം' പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഡോ. ടി.എം തോമസ് ഐസക്-നെ പ്രസ്തുത പദ്ധതിയുടെ അഡ്വൈസർ ആയി നിലവിലെ സർക്കാരിന്റെ കാലാവധി തീരും വരെ നിയോഗിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. അഡ്വൈസർ എന്ന നിലയിൽ ഡോ. ടി.എം തോമസ് ഐസക് തന്റെ സേവനം പ്രതിഫലേച്ഛ ഇല്ലാതെ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. പദ്ധതിയുടെ അഡ്വൈസർ എന്ന നിലയിൽ ഔദ്യോഗിക ആവശ്യത്തിന് സ്വന്തം വാഹനം ഉപയോഗിക്കുന്ന സാഹചര്യത്തിൽ ഇന്ധന ചെലവിനത്തിൽ പ്രതിമാസം പരമാവധി 70,000/- രൂപയും, വാഹനത്തിൽ നിയോഗിക്കപ്പെടുന്ന ഡ്രൈവർക്കു സംസ്ഥാന സർക്കാർ കരാർ വ്യവസ്ഥയിൽ നിയമിതനാകുന്ന ഡ്രൈവർക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിലെ വേതനവും ദിനബത്തയും അനുവദിക്കുന്നതിനും ഔദ്യോഗിക ആവശ്യത്തിന് മറ്റ് യാത്രാമാർഗങ്ങൾ അവലംബിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ സർവീസിലെ ക്ലാസ്-I വിഭാഗം ഓഫീസർമാരുടെ നിരക്കിലുള്ള യാത്രാസൗകര്യവും താമസസൗകര്യവും അനുവദിക്കുന്നതിനും തിരുമാനിക്കുകയുണ്ടായി.

5) മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ/നിബന്ധനകൾക്ക് വിധേയമായി ഡോ. ടി.എം തോമസ് ഐസക്-നെ വിജ്ഞാന കേരളം പദ്ധതിയുടെ അഡ്വൈസർ ആയി നിലവിലെ സർക്കാരിന്റെ കാലാവധി തീരും വരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ഡോ. ടി എം തോമസ് ഐസക്-ന് വിജ്ഞാന കേരളം പദ്ധതിയുടെ അഡ്വൈസർ എന്ന നിലയിൽ സ്വന്തം വാഹനം ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു. കൂടാതെ ഔദ്യോഗിക ആവശ്യത്തിന് സ്വന്തം വാഹനം ഉപയോഗിക്കുന്ന സാഹചര്യത്തിൽ ഇന്ധനചെലവിനത്തിൽ പ്രതിമാസം പരമാവധി 70,000/- രൂപയും (എഴുപതിനായിരം രൂപ മാത്രം) വാഹനത്തിൽ നിയോഗിക്കപ്പെടുന്ന ഡ്രൈവർക്കു സംസ്ഥാന സർക്കാർ കരാർ വ്യവസ്ഥയിൽ നിയമിതനാകുന്ന ഡ്രൈവർക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിലെ വേതനവും ഡ്യൂട്ടി സമയം അധികരിക്കുന്ന അവസരത്തിൽ ഡ്രൈവേഴ്സ് -ബാറ്റയും അനുവദിക്കുന്നതാണ്.

(ii) ഡോ.ടി.എം. തോമസ് ഐസക്, ഔദ്യോഗിക ആവശ്യത്തിന് മറ്റ് യാത്രാമാർഗങ്ങൾ അവലംബിക്കുന്ന സാഹചര്യത്തിൽ സർക്കാർ സർവ്വീസിലെ ക്ലാസ്-I വിഭാഗം ഓഫീസർമാരുടെ നിരക്കിലുള്ള യാത്രാസൗകര്യവും താമസസൗകര്യവും ഉപയോഗപ്പെടുത്തുവാൻ അനുമതി നൽകുന്നു.

6) ഇതുമായി ബന്ധപ്പെട്ട ചെലവ് "3451-00-092-87-നോളെജ് ഇക്കോണമി ഫണ്ട് (പി/വി)" എന്ന ശീർഷകത്തികത്തിനുകീഴിലുള്ള "പലവകയിനങ്ങൾ " എന്ന ഘടകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

7) പ്രസ്തുത ചെലവ് കെ-ഡിസ്കിന്റെ കണക്കുപുസ്തകങ്ങളിൽ "നോളെജ് ഇക്കോണമി ഫണ്ട് " എന്ന പദ്ധതിയിൻ കീഴിൽ "പലവകയിനങ്ങൾ-വിജ്ഞാന കേരളം" എന്ന് ചേർക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ.എം.എബ്രഹാം
EX-OFFICIO SECRETARY

1. എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കെ-ഡിസ്ക്, തിരുവനന്തപുരം
2. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
3. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), (ആഡിറ്റ് -I & II), കേരള, തിരുവനന്തപുരം
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
8. ഡയറക്ടർ, കില, തൃശ്ശൂർ
9. മെമ്പർ സെക്രട്ടറി, കെ -ഡിസ്ക്, തിരുവനന്തപുരം
10. ഡയറക്ടർ , കേരള നോളെജ് ഇക്കോണമി മിഷൻ, തിരുവനന്തപുരം
11. ആസൂത്രണ സാമ്പത്തിക കാര്യ (എ/ഡി) വകുപ്പ്
12. ധനകാര്യ (പ്ലാനിംഗ്-ബി/ എക്സ്പെൻഡിച്ചർ-ബി/ബജറ്റ് വിംഗ്-ഡി) വകുപ്പ്

13. വിവര & പൊതുജന സമ്പർക്ക (Web & New Media) വകുപ്പ് (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനായി)

14. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ ഫയൽ നം SECINV/45/2024/PLGEA-INV, Comp. No.: 2983500)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
2. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്